# കാർഷികകാലാവസ്ഥബുള്ളറ്റിൻ - കോട്ടയം ജില്ല

ഫോൺ:0481-2524421 - ഇമെയിൽ: amfukumarakom@gmail.com

**നമ്പർ: Ktm-100/2024** *തൃക്കേട്ട ഞാറ്റുവേല* **തീയതി: 17.12.2024 ധനു 02**

(ഭാരതീയ അന്തരീക്ഷശാസ്ത്രവിഭാഗം, ന്യൂഡൽഹിയുടെ ജില്ലാ തല കാലാവസ്ഥ പ്രവചനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

(കാർഷിക കാലാവസ്ഥ ഫീൽഡ് യൂണിറ്റ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം, ഭാരതീയ അന്തരീക്ഷ ശാസ്ത്രവിഭാഗംഎന്നിവ സംയുക്തമായി നൽകുന്നത്)

| കഴിഞ്ഞവാരം -സംക്ഷിപ്തകാലാവസ്ഥ (12/12/24- 16/12/24) | കാലാവസ്ഥ പ്രവചനം (18/12/24-22/12/24) |
|---|---|
| കഴിഞ്ഞ വാരത്തിലെ ഉയർന്ന താപനില 33.8 ഡിഗ്രി സെല്ഷ്യസും കുറഞ്ഞ താപനില 21.0 സെൽഷ്യസ് വരെയും ആയിരുന്നു. അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത 70-നും 98 നും ഇടയിലും പടിഞ്ഞാറൻ കാറ്റിന്റെ വേഗത മണിക്കൂറിൽ 2 കിലോമീറ്റർ വരെയുമായിരുന്നു. കോട്ടയം ജില്ലയിൽ ഈ കാലയളവിൽ 29.8 mm ലഭിച്ചു. | കോട്ടയം ജില്ലയിൽ അടുത്ത അഞ്ചു ദിവസങ്ങളിൽ മൂടിക്കെട്ടിയ ആകാശവും നേരിയ മഴയും പ്രതീക്ഷിക്കുന്നു. ഈ ആഴ്ച പരമാവധി താപനില 34.0$^0$C ഉം കുറഞ്ഞ താപനില 22.0$^0$C ഉം ആയിരിക്കും. അന്തരീക്ഷ ആർദ്രത 70% നും 96% നും ഇടയിൽ ആയിരിക്കും. പടിഞ്ഞാറൻ കാറ്റിന്റെ വേഗത 2-3 കിലോമീറ്റർ വരെ ആകാൻ സാധ്യതയുണ്ട്. |

**കാർഷികകാലാവസ്ഥമുന്നറിയിപ്പുകൾ:** നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ കൃഷിക്കാർ ചുവടെ പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാൻ താത്പര്യപ്പെടുന്നു.

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | | മഴ മാറി തെളിഞ്ഞ കാലാവസ്ഥ സംജാതമാകുമ്പോൾ അന്തരീക്ഷ താപനിലയും ആർദ്രതയും ഉയരുമെന്നതിനാൽ കുമിൾ രോഗങ്ങൾ പടരാൻ സാധ്യതയുണ്ട് |
| **തെങ്ങ്** | വളർച്ചാ ഘട്ടം | തെങ്ങിന്റെ കൂമ്പുചീയൽ നിയന്ത്രിക്കാൻ മാങ്കോസബ് 2 ഗ്രാം ചെറിയ ദ്വാരമുള്ള കവറുകളിലാക്കി ഓലക്കവിളുകളുടെ സമീപത്തു വയ്ക്കാവുന്നതാണ്. മഴവെള്ളത്തിൽ ഈ കുമിൾ നാശിനി ഒലിച്ചിറങ്ങി തെങ്ങുകൾക്കു സംരെക്ഷണമാകും. |
| **വാഴ** | വളർച്ചാ ഘട്ടം | വാഴയുടെ സിഗെട്ടോക്ക ഇലകരിച്ചിൽ നിയന്ത്രിക്കാൻ കരിഞ്ഞുണങ്ങിയ ഇലകൾ മുറിച്ചുമാറ്റി പ്രൊപ്പിക്കോനാസോൾ ഒരു മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിച്ചുകൊടുക്കുക. |
| **പയർ** | വളർച്ചാ ഘട്ടം | പയറിൽ കരിമ്പൻകേടു പ്രതിരോധിക്കാൻ 2 ഗ്രാം ബാവിസ്റ്റിൻ ഒരു ലിറ്റർ വെള്ളത്തിൽനേർപ്പിച്ചുവിത്ത് ഇട്ടു വെയ്ക്കുക. |
| **റബ്ബർ** | വളർച്ചാ ഘട്ടം | റബ്ബറിൽ കുമിൾ രോഗങ്ങളെ നിയന്ത്രിക്കാൻ ഇൻഡോഫിൽ M 45 , 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ വെട്ടുപാട്ടയിൽ തളിച്ചുകൊടുക്കുക. |
| **കുരുമുളക്** | വളർച്ചാ ഘട്ടം | പൊള്ളു രോഗത്തെ നിയന്ത്രിക്കാനായി കാലാവര്ഷത്തിനു മുൻപും പിൻപും 1% ബോർഡോ മിശ്രിതം അല്ലെങ്കിൽ കോപ്പർ ഓക്സി ക്ലോറൈഡ് 3 ഗ്രാം/ ലി തളിക്കുന്നത് രോഗത്തെ പ്രതിരോധിക്കാൻ സഹായിക്കും. |